## തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിലേയ്ക്കുള്ള ടെസ്റ്റ്‌യോഗ്യത നേടാത്ത ക്ലാർക്കുമാർക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം – നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം: 1) സർക്കാരിന്റെ 28.09.2013–ലെ 47146/ഇപിഎ1/2013/തസ്വഭവ നമ്പർ കത്ത്.
2) ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 06.11.2013–ലെ ഇ4–04/2012 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: ഇ3–9270/2012(1) തീയതി: 12.11.2013**

പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് അനുപാതം 1:1 ആയി പുനർ നിർണ്ണയിച്ചതിനെ തുടർന്നും പുതുതായി സൃഷ്ടിച്ച അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ 1922 ഒഴിവുകൾ സംജാതമായിരുന്നു. പ്രസ്തുത ഒഴിവുകളിലേയ്ക്ക് യോഗ്യത നേടിയ മുഴുവൻ ക്ലാർക്കുമാർക്കും സ്ഥാനക്കയറ്റം അനുവദിച്ചതിനുശേഷവും നികത്താൻ ശേഷിച്ച ഒഴിവുകളിൽ വകുപ്പുതല പരീക്ഷ പാസ്സായി ഉദ്യോഗക്കയറ്റത്തിന് യോഗ്യത നേടിയ മുഴുവൻ ക്ലാർക്കുമാർക്കും ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. മേൽ തസ്തികകൾ നികത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ നിശ്ചിത യോഗ്യത നേടിയവരുടെ അഭാവത്തിൽ ടെസ്റ്റ് യോഗ്യത നേടുന്ന ക്ലാർക്കുമാർ ലഭ്യമാകുന്ന മുറയ്ക്ക് താൽകാലികമായി സ്ഥാനക്കയറ്റം ലഭിച്ചവരെ തരംതാഴ്ത്തുന്നതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഒരു Stop gap arrangement മാത്രം എന്ന നിലയിൽ KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം ടെസ്റ്റ് യോഗ്യയില്ലാത്ത ക്ലാർക്കുമാരെ സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ താല്ക്കാലിക സ്ഥാനക്കയറ്റം അനുവദിയ്ക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം സർക്കാർ അറിയിക്കുകയുണ്ടായി. മേൽ ചട്ടപ്രകാരം താല്ക്കാലിക സ്ഥാനക്കയറ്റം നൽകുമ്പോൾ പ്രൊബേഷൻ പൂർത്തീകരിക്കാത്ത ഉദ്യോഗസ്ഥരെ ഒഴിവാക്കാൻ വ്യവസ്ഥയില്ലെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

മേൽ നിർദ്ദേശാനുസരണം KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം ടെസ്റ്റ് യോഗ്യതയില്ലാത്ത ക്ലാർക്കുമാരെ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി താല്കാലിക സ്ഥാനക്കയറ്റം നൽകി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ നിയമനത്തിനായി അലോട്ട് ചെയ്തിട്ടുള്ള ചുവടെ കോളം I–ൽപരാമർശിച്ചിട്ടുള്ള ക്ലർക്കുമാരെ കോളം II–ലെ ഓഫീസുകളിൽ സീനിയർ ക്ലർക്കുമാരായി നിയമിച്ച് ഉത്തരവാകുന്നു.

| Sl.No | Seniority No. | Column I | Column II | Remarks |
|---|---|---|---|---|
| 1 | 108/94-97 | Seeja O.P<br>Malayinkeezhu GP | Vilavoorkkal GP<br>(Existing Vacancy) | Allotment |
| 2 | 1122/97-99 | R Shanavas<br>Nellanadu GP | Nallanadu GP<br>(Leave Vacancy) | Allotment |
| 3 | 1377/97-99 | Satheesh Kumar N.S<br>Chemmaruty GP | Pullampara GP<br>(Leave Vacancy) | Allotment |
| 4 | 851/2000-02 | S. Ajitha<br>Kadinamkulam GP | Pallichal GP<br>(Exisiting Vacancy) | Allotment |

പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് നിയമനം ജില്ലാടിസ്ഥാനത്തിലും സീനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലുമാകയാൽ ടെസ്റ്റ് യോഗ്യത നേടി സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന ക്ലാർക്കുമാർ ഏത് ജില്ലയിൽ നിന്നാണോ ലഭ്യമാകുന്നത് പ്രസ്തുത ജില്ലയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ജൂനിയർമാരായ സീനിയർ ക്ലാർക്കുമാരെ തരംതാഴ്ത്തുകയും ചെയ്യുന്നതാണ്. ഇപ്രകാരം താല്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ, ഭാവിയിൽ ടെസ്റ്റ് യോഗ്യത നേടി പ്രൊബേഷൻ പൂർത്തീകരിച്ച് പ്രസ്തുത വിവരം ഉചിതമാർഗ്ഗേണ അറിയിക്കുന്ന പക്ഷം അവർക്ക് ലഭിച്ച താല്കാലിക സ്ഥാനക്കയറ്റം ടെസ്റ്റ് യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ലഭിക്കാൻ അർഹതയുള്ളതായിരിക്കും.

ഗ്രാമപഞ്ചായത്തുകളിൽ സീനിയർ ക്ലാർക്ക് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും എന്ന നിലയിലാണ് ടെസ്റ്റ് യോഗ്യത നേടാത്ത ജീവനക്കാർക്ക് താല്ക്കാലിക സ്ഥാനക്കയറ്റത്തിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ആകയാൽ ഗ്രാമപഞ്ചായത്തുകൾ ഒഴികെ വകുപ്പിലെ മറ്റു ജില്ലാതല കാര്യാലയങ്ങളിലും ആസ്ഥാന കാര്യാലയത്തിലും ക്ലാർക്ക്-സീനിയർ ക്ലാർക്ക് തസ്തികകളിലെ ജോലിയുടെ സ്വഭാവം സമാനമാകയാൽ ടി ആഫീസുകളിലെ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാർക്ക് താല്ക്കാലിക സ്ഥാനക്കയറ്റത്തിനോ നിയമനത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല.

ടി ഉത്തരവിലൂടെ താല്കാലിക സ്ഥാനക്കയറ്റം നേടിയ ജീവനക്കാർ, അവർക്ക് ലഭിച്ച ഉദ്യോഗക്കയറ്റം പരിത്യജിക്കുകയാണെങ്കിൽ അപ്രകാരമുള്ള അപേക്ഷകൾ ടി ആളുകളുടെ സേവന പുസ്തകം സഹിതം പരാമർശം 2 ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.2011-ലെ ജി.ഒ.(പി)85/2011/ഫിൻ. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്യും പ്രകാരം ശമ്പളനിർണ്ണയത്തിനുള്ള ഓപ്ഷൻ ഉദ്യോഗക്കയറ്റം സ്വീകരിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട സ്ഥാപനമേധാവി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് താല്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതും ടിയാളുകൾ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ ആഫീസിലും ബന്ധപ്പെട്ട മറ്റ് ആഫീസുകളിലും യഥാസമയം അറിയിക്കേണ്ടതുമാണ്.

ഈ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ (www.lsgkerala.gov.in) നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**(ഒപ്പ്)**
**വി.ആർ മധുസൂദന കുറുപ്പ്**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ്:
1. വ്യക്തികൾക്ക്
2. സെക്രട്ടറി, ..................................... ഗ്രാമപഞ്ചായത്ത്
3. ബഹു.പഞ്ചായത്ത് ഡയറക്ടർ(ഉപരിപത്രം സഹിതം)
4. കരുതൽ/അധികം

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**